**കേരള സർക്കാർ**

നമ്പർ. 42785/ഡി.ബി1/2007/തസ്വഭവ

**തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പ്**
തിരുവനന്തപുരം, തീയതി: 07.08.2008

**സർക്കുലർ**

വിഷയം:– പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – ഇ.എം.എസ്. ഭവന പരിപാടിയുടെ മാർഗ്ഗരേഖ – വിശദീകരണം സംബന്ധിച്ച്.

സൂചന:– 1. സ.ഉ.(എം.എസ്)നം. 174/2008/തസ്വഭവ; തീയതി 24.06.2008
2. 25.07.2008–ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയോഗ തീരുമാനം

2008–09 വാർഷിക പദ്ധതി മുതൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം അതത് വർഷം വികസനഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ (ക്യാരിഓവർ ഒഴികെ) 15 ശതമാനത്തിൽ കുറയാതെയുള്ള തുക ഇ.എം.എസ്. ഭവനപരിപാടി നടപ്പാക്കുന്നതിനും കേന്ദ്രാവിഷ്കൃത ഭവന പരിപാടികളുടെ വിഹിതം നൽകുന്നതിനുമായി അനിവാര്യമായും വകയിരുത്തണമെന്ന് സൂചന ഒന്ന് മുഖേന പുറപ്പെടുവിച്ച ഇ.എം.എസ്. ഭവന പരിപാടിയുടെ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്യാരിഓവർ വിഹിതം ഒഴികെ അതത് വർഷം ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തെ മാത്രം അടിസ്ഥാനമാക്കിയാണ് ഇ.എം.എസ് ഭവന പരിപാടിക്ക് അനിവാര്യമായും നീക്കിവയ്ക്കേണ്ട 15 ശതമാനം വിഹിതം നിശ്ചയിക്കുന്നത് എന്നതിനാൽ മുൻവർഷങ്ങളിൽ ഏറ്റെടുത്ത ഭവന നിർമ്മാണ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് നടപ്പുവർഷം വകയിരുത്തുന്ന തുകയും മുൻ വർഷങ്ങളിൽ ഏറ്റെടുത്ത കേന്ദ്രാവിഷ്കൃത ഭവന പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് വികസനഫണ്ടിൽ നിന്ന് നടപ്പുവർഷം വകയിരുത്തുന്ന തുകയും അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന്, പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 6(7)–ൽ നിർദ്ദേശിച്ചിട്ടുണ്ട്.

2007–08–ൽ ഭവന പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ എണ്ണം ഇരട്ടിയായി നിശ്ചയിച്ചിട്ടുള്ളതിനാൽ ക്യാരിഓവർ വിഹിതം മാത്രം വിനിയോഗിച്ച് പ്രസ്തുത പ്രോജക്ടുകൾ പൂർത്തിയാക്കാൻ കഴിയുകയില്ലെന്നും ആയതിനാൽ സ്പിൽഓവർ പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക കൂടി അനിവാര്യമായും നീക്കി വയ്ക്കേണ്ട വിഹിതത്തിൽ ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പ്രതിപാദിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

(1) 2007–08 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പുതിയ ഭവന പ്രോജക്ടിന്റെ നിർവഹണം ആ വർഷം പൂർത്തിയായിട്ടില്ലെങ്കിൽ പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് 2008–09 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തിൽ നിന്ന് തുക വകയിരുത്തുകയാണെങ്കിൽ ആ തുക അനിവാര്യമായും നീക്കി വയ്ക്കേണ്ട വിഹിതത്തിൽ (15%) ഉൾപ്പെടുത്താവു ന്നതാണ്. എന്നാൽ സ്പിൽഓവർ പ്രോജക്ടിന് ലഭ്യമായ ക്യാരിഓവർ തുക അനിവാര്യമായും നീക്കി വയ്ക്കേണ്ട വിഹിതത്തിൽ ഉൾപ്പെടുത്താൻ പാടില്ല. ഉദാഹരണത്തിന് നിർവഹണം പൂർത്തിയാക്കുവാൻ 10 ലക്ഷം രൂപ ആവശ്യമായ ഒരു സ്പിൽഓവർ പ്രോജക്ടിന് ക്യാരിഓവർ വിഹിതമായി 4 ലക്ഷം രൂപ ലഭ്യമാണെങ്കിൽ 2008–09–ൽ അനുവദിച്ചു കിട്ടുന്ന ഫണ്ടിൽ നിന്ന് വകയിരുത്തുന്ന 6 ലക്ഷം രൂപ അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ക്യാരിഓവർ വിഹിതമായ 4 ലക്ഷം രൂപ അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താൻ പാടില്ല.

(2) ബഹുവർഷ പ്രോജക്ടുകളുടെ കാര്യത്തിൽ 2008–09–ൽ പുതുതായി നിർദ്ദേശിക്കുന്ന ഘടകത്തിന് പുറമെ ആദ്യവർഷത്തെ ഘടകം പൂർത്തീകരിക്കുന്നതിന് 2008–09–ൽ അനുവദിച്ചു കിട്ടുന്ന ഫണ്ടിൽ നിന്ന് വകയിരുത്തുന്ന തുക കൂടി അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പ്രോജക്ടിന് ലഭ്യമായ ക്യാരിഓവർ വിഹിതം അനിവാര്യമായും നീക്കി വയ്ക്കേണ്ട വിഹിതത്തിൽ ഉൾപ്പെടുത്താൻ പാടില്ല.

(3) കേന്ദ്രാവിഷ്കൃത ഭവന പരിപാടികളുടെ കാര്യത്തിലും മുൻഖണ്ഡികകളിൽ വിവരിച്ച നിർദ്ദേശങ്ങൾ ബാധകമാണ്.

(4) 2007–08–ന് മുൻപ് ഏറ്റെടുത്തതിൽ നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾക്ക് ക്യാരിഓവർ വിഹിതത്തിൽ നിന്നോ 2008–09 ൽ അനുവദിച്ചു കിട്ടുന്ന ഫണ്ടിൽ നിന്നോ വകയിരുത്തുന്ന തുകയും 2007–08–ലോ അതിനു മുൻപോ ഏറ്റെടുത്ത വായ്പാ ബന്ധിത ഭവന പ്രോജക്ടുകളുടെ വായ്പാ തിരിച്ചടവിന് ക്യാരിഓവർ വിഹിതത്തിൽ നിന്നോ 2008–09 ൽ അനുവദിച്ചു കിട്ടുന്ന വിഹിതത്തിൽ നിന്നോ വകയിരുത്തുന്ന തുകയും ഇ.എം.എസ്. ഭവന പരിപാടിക്ക് നീക്കിവയ്ക്കേണ്ട അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താൻ പാടില്ല.

**എസ്.എം. വിജയാനന്ദ്**
പിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ
13. മുഖ്യ നഗരാസൂത്രകൻ
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
17. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
20. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
21. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
25. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
27. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
32. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ